

# ലയം...............

## ജി.വി.എച്ച്.എസ്.എസ്. ദേശമംഗലം

### സ്കൂൾ ലിറ്റിൽ കൈറ്റ്സ് യൂണിറ്റ്

# ആമുഖം

ലിറ്റിൽ കൈറ്റ്സിന്റെ പ്രവർത്തന ഭാഗമായി
ദേശമംഗലം സ്കൂളിലെ വിദ്യാർത്ഥികൾ തയ്യാറാക്കിയ
മാഗസിൻ.

~~~~~~~
~~~~~~~

# ഉള്ളടക്കം


- ➢ സ്കൂൾ പഞ്ചവാദ്യ പരിശീലനം.....................5
- ➢ സ്കൂൾ ഡ്രോയിംഗ് ക്ലാസ്സ്...........................6
- ➢ സാന്ത്വനസ്പർശം.....................................7
- ➢ റിപ്പോർട്ട്..................................................9
- ➢ സാന്ത്വനസ്പർശം...അനുമോദന പ്രസംഗം...10
- ➢ വൈലോപ്പിള്ളി ശ്രീധരമേനോൻ.................12
- ➢ വൈക്കം മുഹമ്മദ് ബഷീർ.........................13
- ➢ വയലാർ രാമവർമ്മ..................................14
- ➢ മനുഷത്ത്വം അൽപ്പമെങ്കിലും.....................15
- ➢ പ്രസംഗം...................................................17
- ➢ പ്രഭാഷണം.... (മദ്യം)................................19
- ➢ പ്രഭാഷണം...............................................20
- ➢ പദ്യത്തെ ഗദ്യത്തിലാക്കുക......................22
- ➢ ഡയറിക്കുറിപ്പ് - 1....................................23
- ➢ ഡയറിക്കുറിപ്പ് - 2....................................24
- ➢ ഡയറിക്കുറിപ്പ് - 3....................................26

- ജീൻ ക്രിസ്റ്റഫർ.................................27
- ഒ. എൻ. വി. കുറുപ്പ്................................28
- തിരുതാളി.........................................29
- കൂവ...............................................30
- ഉഴിഞ്ഞ...........................................31
- ഉപവസന്തം.......................................32
- എന്റെ ആശുപത്രി അനുഭവം...................33
- ആതുരസേവനത്തിന്റെ സന്നദ്ധഭടൻ.........35
- അയ്യപ്പപ്പണിക്കർ................................37
- തെത് സുകോ കുറിയോനഗി.................38
- കുഞ്ഞുണ്ണിമാഷ്.................................39


~~~~~~~~~
~~~~~~~~~



സ്കൂളിന്റെ നേതൃത്ത്വത്തിൽ നടത്തുന്ന പഞ്ചവാദ്യ പരിശീലനം.

ആർട്ട്സ് ക്ലബ്ബിന്റെ നേതൃത്ത്വത്തിൽ നടത്തുന്ന ഡ്രോയിംഗ് ക്ലാസ്സ്.



# സാന്ത്വനസ്പർശം

## കത്ത്

പ്രിയപ്പെട്ടകൂട്ടുക്കാരന്,

സുഖം തന്നെയല്ലേ, ഞാൻ അഭിജിത്ത് ആണ്. ഇത്രയും ദിവസം സ്കൂളിൽ വരാത്തിന്റെ കാരണം എന്താണെന്നറിയാമോ? എനിക്ക് കാൻസർരോഗം പിടിപ്പെട്ടു. ഞാൻ ചികിത്സക്കുവേണ്ടി അഡയാറിലെ ആശുപത്രിയിലേക്കു പോയി. അവിടെ എന്നെപ്പോലെ കാൻസർരോഗം പിടിപ്പെട്ട കുറേ കൂട്ടുക്കാരുണ്ട്. ഗോപൻ, നന്ദൻ അങ്ങനെ പലരും. ഞങ്ങൾക്ക് ഒരു ഡോക്ടറുണ്ട്. എന്നും ഞങ്ങൾ ഡോക്ടർ മസാക്കറുടെ സ്കൂളിൽ, മസാക്കറുടെ വീട്ടിലേക്കും പോകും. ടോക്കറുടെ കുഞ്ഞുങ്ങളുടെ കൂടെ ആ ദിവസം ചിലവഴിക്കാറുണ്ട്. ഞങ്ങളുടെ വാർഡിന്റെ ചാർജ് സിസ്റ്റർ ഐഡയ്ക്കായിരുന്നു.സിസ്റ്റർ തനിക്കു കിട്ടുന്ന ശമ്പളത്തിന്റെ പാതി ഞങ്ങളുടെ വാർഡിൽ ചിലവഴിക്കാറുണ്ട്. ഞങ്ങൾക്കു രുചികരമായ പലഹാരങ്ങൾ ഉണ്ടാക്കിതരുമായിരുന്നു. ഞങ്ങൾക്കു കഴിക്കാൻ കിട്ടിയിരുന്നത് പച്ചരിചോറും സാമ്പാറും ആയിരുന്നു. സിസ്റ്ററുടെ പലഹാരങ്ങൾ ഞങ്ങൾക്ക് വലിയ ആശ്വാസമായിരുന്നു. കീമോതെറാപ്പി എന്നത് ഞങ്ങൾക്ക് രോഗം മാറാൻ തരുന്ന കുത്തിവെപ്പാണ്. ഭയങ്കര വേദനയാണ് അത്. എന്നെ ആ കുത്തിവെപ്പ് ധാരാളം എടുത്തിട്ടുണ്ട്. എന്റെ മുടി എല്ലാം കൊഴിഞ്ഞുപ്പോയിട്ടുമുണ്ട്. ഞങ്ങളുടെ കൂട്ടത്തിൽ നിന്നും കുത്തിവെയ്പ്പിനായി തിരഞ്ഞെടുക്കുന്നത് 'മോണിറ്റർ' ആണ്. സിസ്റ്റർ ഐഡയും ടോക്കറുമെല്ലാം കുത്തിവെപ്പ് എടുക്കേണ്ടവരെ

തിരഞ്ഞെടുക്കുക മോണിക്കുറിന്റെ സഹായത്തോടെയാണ്. ഒരാഴ്ചയാണ് മോണിറ്ററിന്റെ കാലാവധി. അത് അവസാനിച്ചാൽ വേറെ ആളാകും. അങ്ങനെ മോണിറ്ററിന്റെ പിൻബലത്താൽ ആയിരുന്ന പലരും കീമോതെറാപ്പി എടുത്തിരുന്നത്. നല്ല രസമാണ് ആ ജോലി.

പിന്നെ, അടുത്താഴ്ച ഞാൻ സ്കൂളിൽ വരും. ടീച്ചറെ ആ വിവരം വിളിച്ചറിയിച്ചിട്ടുണ്ട്. ഇതുവരെ എടുത്ത പാഠങ്ങൾ എന്തൊക്കെയെന്നും എഴുതാനുള്ളത് എന്തൊക്കെയെന്നും നീ പറഞ്ഞുതരണം. സിസ്റ്റർ ഐഡയും ഞാൻ സ്കൂളിൽ പോകുന്ന എന്ന് കേൾക്കുമ്പോൾ വളരെ സന്തോഷമാകും. ഞാൻ ഒരിക്കലും അവരെ മറക്കില്ല. അത്ര സ്നേഹം തന്നിട്ടുണ്ട്. അവിടെ നിന്ന തിരിച്ച വരാൻ തോന്നുന്നില്ല. കൂട്ടുകാരെ പിരിയുകല്ലേ എന്ന സങ്കടവും നിങ്ങളുടെ അടുത്തേക്ക് വരുകയല്ലേ എന്ന സന്തോഷവും ഒരു പോലെ.

വാക്കുകൾ നിർത്തുന്നു,

എന്ന് സ്നേഹപൂർവ്വം,

അഭിജിത്ത്

9.D

# റിപ്പോർട്ട്

അഴിക്കോട് ആദ്യമായി പ്രസംഗിച്ചതിനെ പറ്റി ചോദിച്ചപ്പോൾ എലിമെന്ററിക്ലാസിൽ പഠിക്കുമ്പോൾ എം.ടി കുമാരൻ മാസ്റ്റർ പുനർ ജന്മത്തെ പറ്റി എഴുതി തന്ന ഒരു പ്രസംഗം കാണാതെ പഠിച്ചുപറഞ്ഞതാണ് അദ്ദേഹത്തിന്റെ ആദ്യത്തെ പ്രസംഗം എന്ന് പറഞ്ഞു. പ്രസംഗ കലയിലേക്ക് എത്തിപ്പെട്ട സാഹചര്യമേതെന്ന് ചോദിച്ചപ്പോൾ 15 വയസ്സിൽ വാഗ്ഭടാനന്ദ ഗുരുദേവൻ,ആര്യഭടൻ, തുടങ്ങിയവരുടെ പ്രസംഗങ്ങളിൽ ആകൃഷ്ടനായി. കവിതയിലും സംഗീതത്തിലും എന്ന പോലെ പ്രസംഗകലയിലും ജന്മസിദ്ധമായും കഴിവും പരിശീലനവും പ്രധാനമാണെന്ന് പറഞ്ഞു. പ്രസംഗത്തിന്റെ ചിന്തയും ആശയവും ശ്രോതാവ് പിന്തുടരണം എന്നത് പ്രധാനമല്ലെ എന്ന് ചോദിച്ചപ്പോൾ വാക്കിന്റെ ശക്തി അതിലടങ്ങിയ അർഥത്തിന്റെ ശക്തിമാത്രമല്ല,ആ വാക്ക് ഉച്ചരിക്കപ്പെടുന്ന അക്ഷരത്തിന്റേത് കൂടിയാണ് എന്ന് പറഞ്ഞു.വലിയ സദസിലെ പ്രസംഗത്തേക്കാൾ ചെറിയ ചർച്ചാക്ലാസ്സിലെ പ്രസംഗത്തിനല്ലേ കൂടുതൽ പ്രസക്തി എന്ന് ചോദിച്ചപ്പോൾ ശങ്കരാചാര്യാർ പണ്ഡിതന്മാരോടും ശിക്ഷ്യരോടും മാത്രമേ സംസാരിച്ചിരുന്നുള്ളു ക്രിസ്തുവോ, മുഹമദോ അങ്ങനെയല്ല, അവർ മിക്കവരോടും അക്രമികളോടും സംസാരിച്ചിരുന്നു.അതാണ് യഥാർത്ഥ പ്രസംഗനില എന്ന് പറഞ്ഞു. ഇങ്ങനെ കാടശ്ശേരിയോടൊപ്പം അഴിക്കോട് തന്റെ ജീവിതാനുഭവവും പങ്കുവെച്ചു.

BY,
AMAL KRISHNA.V.J
9.E

# സാന്ത്വനസ്പർശം

## അനുമോദന പ്രസംഗം

എല്ലാവർക്കും നമസ്കാരം. നമ്മുടെ ലോകത്തിന്റെ ഒരു പ്രധാന പ്രശ്നമാണ് വിവിധ രോഗങ്ങൾ. നമ്മുടെ സർക്കാർ രോഗനിർമാർജനത്തിനു വേണ്ടി പോളിയോയും, മറ്റു ചികിത്സകളും നൽകിവരുന്നു. എങ്കിലും സെക്കന്റുകളിൽ രോഗങ്ങൾ പടരുകയാണ്. ഇപ്പോഴും എബോള എന്ന രോഗത്തിനുവേണ്ട ചികിത്സകൾ എന്തെന്ന് റിസർച്ച് നടത്തിക്കൊണ്ടിരിക്കുകയാണ്. അതിനുമുൻപുതന്നെ ആ രോഗം പടർന്നു പന്തലിച്ചു എന്നതിൽ സംശയം വേണ്ട. രോഗങ്ങളിൽ വില്ലനാണ് കാൻസർ. കാൻസർ വരാൻ കാരണം നാം തന്നെയാണ്. പുകവലിച്ചും മദ്യപിച്ചും പല രോഗങ്ങളെയും നാം വരുത്തി തീർക്കുകയാണ്. പുകവലിക്കുന്നതുകൊണ്ട് അടുത്ത് നിൽക്കുന്ന ആൾക്കും കാൻസർ വരുമെന്ന് അറിഞ്ഞിട്ടും ആളുകൾ പുകവലിക്കുന്നു. ചിലപ്പോൾ കുഞ്ഞുങ്ങളായിരിക്കും അടുത്തു നിൽക്കുന്നവർ അപ്പോൾ അവർക്കും കാൻസർ പകരും. ലോകത്തിൽ 100 ൽ 75% കുട്ടികളും തനിക്ക് കാൻസർ ബാധിക്കുമോ എന്നോർത്ത് സങ്കടപ്പെടുന്നവർ ആയിരിക്കും. ചികിത്സിക്കുന്ന ഡോക്ടർമാർ അതിൽ ശ്രദ്ധിക്കണം. കുട്ടികളുടെ രോഗമറിഞ്ഞ് പെരുമാറുക, തനിക്ക് രോഗമുണ്ടെന്ന് തോന്നാത്തവിധം ചികിത്സിക്കുക, അവരെ സമൂഹത്തിൽ നിന്ന് മാറ്റിനിർത്താതിരിക്കുക എന്നതൊക്കെ ഡോക്ടറും സമൂഹവും ശ്രദ്ധിക്കേണ്ടതാണ്. കുട്ടികളുടെ ഏറ്റവും നല്ല ഡോക്ടർ ആണ് വി. പി. ഗംഗാധരൻ. അദ്ദേഹം കുഞ്ഞുങ്ങളെ കീഴടക്കിയതാണ്. കുഞ്ഞുങ്ങൾക്ക് കാൻസർ മാറാൻ വേണ്ട കീമോതെറാപ്പി ചെയ്യാൻ പ്രേരിപ്പിച്ചെടുക്കുക

എന്നത് വലിയ ജോലിയാണ്. അവയൊക്കെ ചെയ്ത് നല്ല പ്രകടനം കാഴ്ചവെച്ച ആളാണ് വി.പി.ഗംഗാധരൻ ഡോക്ടർ. അദ്ദേഹം ചലച്ചിത്രക്കാരൻ ഇന്നസെന്റിന്റെ കാൻസർ രോഗം മാറ്റിയ ആളാണ്. അദ്ദേഹത്തിനെ ഞാനും ഈ നാട്ടുക്കാരും പിന്നെ എല്ലാവരും അഭിനന്ദിക്കുന്നു. ഇങ്ങനെയുള്ള ഡോക്ടർമാരാണ് നമ്മുടെ സമൂഹത്തിന് വേണ്ടത്. ഇങ്ങനെയുള്ള ഡോക്ടർമാർ ഇനിയും ഉണ്ടാകട്ടെ എന്ന് പ്രാർത്ഥിച്ചുക്കൊണ്ട് വാക്കുകൾ നിർത്തുന്നു...

നന്ദി... നമസ്കാരം..

BY,
AMAL RAJ .P
9.D

# വൈലോപ്പിള്ളി ശ്രീധരമേനോൻ

1911 മെയ് 11 ന് എറണാകുളത്തെ കല്ലൂരിൽ ജനിച്ചു. പിതാവ്, ചേരാനല്ലൂർ കൊച്ചുകുട്ടൻ കർത്തായും മാതാവ് നാണക്കുട്ടിയമ്മയും 'കാച്ചിക്കുറുക്കിയകവിത' എന്നു വിശേഷിക്കപ്പെട്ട വൈലോപ്പിള്ളി കവിത കേരളീയ ജീവിതാനുഭവങ്ങളെ ആധുനിക വീക്ഷണത്തിലൂടെ ഉജ്ജ്വലമായി ആവിഷ്കരിക്കുന്നു. ദീർഘകാലം അധ്യാപകനായി ജോലി ചെയ്തു. സമസ്ത കേരള സാഹിത്യ പരിഷത്ത്, കേരളസാഹിത്യ അക്കാദമി, സാഹിത്യ പ്രവർത്തക സഹകരണ സംഘം എന്നിവയുടെ നേതൃസ്ഥാനത്ത് പ്രവർത്തിച്ചിട്ടുണ്ട്. കേന്ദ്ര സാഹിത്യ അക്കാദമി അവാർഡുകൾ, വയലാർ അവാർഡ്, സോവിയറ്റ്ലാന്റ് നെഹ്റു അവാർഡ്, ഓടക്കുഴൽ അവാർഡ്, എന്നീ പുരസ്കാരങ്ങൾ ലഭിച്ചു. കന്നികൊയ്ത്ത്, ശ്രീരേഖ, കുടിയൊഴിക്കൽ, ഓണപ്പാട്ടുകൾ, വിത്തും കൈക്കോട്ടും, കടൽകാക്കകൾ, കായ്പവല്ലരി, വിട, മകരകൊയ്ത്ത്, മിന്നാമിന്നി, പച്ചകുതിര, കുട്ടിക്കവിതകൾ, മുകുളമാല, കുരുവികൾ, എന്നീ പുസ്തകങ്ങൾ പ്രധാന കൃതികൾ. 1985 ഡിസംബർ 22 ന് നിര്യാതനായി.

BY,
ANANTHU.V
9.D

# വൈക്കം മുഹമ്മദ് ബഷീർ

1908 ജനുവരി 21 കോട്ടയം ജില്ലയിലെ വൈക്കത്തിനടുത്ത് തലയോലപ്പറമ്പിൽ അദ്ദേഹം ജനിച്ചു. പിതാവ് കായി അബ്ദുറഹിമാനും മാതാവ് കുഞ്ഞാച്ചുമ്മയുമാണ്. കോഴിക്കോടിനടുത്തുള്ള ബേപ്പൂരിലായിരുന്ന താമസം. 'ബേപ്പൂർ സുൽത്താൻ' എന്ന വിളിക്കപ്പെടുന്നു. ചെറുപ്പകാലത്ത് ഇന്ത്യ മുഴുവൻ അലഞ്ഞ് സഞ്ചരിച്ചിരുന്നു.സ്വാതന്ത്ര്യസമരസേനാനി, ജീവിതത്തിന്റെ നേർക്കാഴ്ചകളെ കഥകളിൽ അതിമനോഹരമായി ആവിഷ്കരിച്ചു.പ്രധാന പുരസ്കാരങ്ങൾ: കേന്ദ്ര-കേരള സാഹിത്യ അക്കാദമി അവാർഡുകൾ, സ്വതന്ത്ര്യസമരസേനാനികളുള്ള താമ്രപത്രം പത്മശ്രീ-പത്മഭൂഷൻ ബഹുമതികൾ. പ്രധാന കൃതികൾ, മതിലുകൾ, ശബ്ദങ്ങൾ ന്റുപ്പൂപ്പാക്കൊരാനേണ്ടാർന്ന്, ബാല്യകാലസഖി, പാത്തുമ്മയുടെ ആട്, മുച്ചീട്ടുകളിക്കാരന്റെ മകൾ, സ്ഥലത്തെ പ്രധാന ദിവ്യൻ, ആനവാരിയും പൊൻകുരിശും, പ്രേമലേഖനം, വിശ്വവിഖ്യാതമായ മൂക്ക്, വിശപ്പ് തുടങ്ങി 13 ഓളം നോവലുകൾ.

BY,

ANEESA.M.A

9.C

# വയലാർ രാമവർമ്മ

1928 മാർച്ച് 25 ന് ആലപ്പുഴ ജില്ലയിലെ വയലാറിൽ ജനിച്ച പിതാവ് വെള്ളാരപ്പള്ളി കേരളവർമ്മ മാതാവ് അംബാലികത്തമ്പുരാട്ടി. ഭാഷയുടെ സൗന്ദര്യത്തെ എറ്റവും ഉജ്ജ്വലമായും തീവ്രമായും ആവാഹിച്ചുണ്ടാക്കിയ കവിതയാണ് വയലാറിന്റേത്. ഗാനശാഖയെ കവിതയോട് അടുപ്പിച്ച കവി, കവിതകൾക്കു പുറമെ ആയിരത്തിലധികം സിനിമാഗാനങ്ങളും എഴുതിയിട്ടുണ്ട്. പ്രധാന പുരസ്കാരങ്ങൾ കേരള സാഹിത്യ അക്കാദമി അവാർഡ്, സിനിമ -നാടക ഗാനരചനയ്ക്ക് പല തവണ സംസ്ഥാന അവാർഡുകൾ. പ്രധാന കൃതികൾ:- സർഗസംഗീതം, പാദമുദ്രകൾ, കൊന്തയും പൂണലും, മുളങ്കാട്, നാടിന്റെ നാദംഎനിക്കു മരണമില്ല, ഒരു യൂദാസ് ജനിക്കുന്നു എന്റെ മാറ്റൊലിക്കവിതകൾ {കവിതാസമാഹാരങ്ങൾ} പുരുഷാന്തരങ്ങളിലൂടെ {യാത്രാവിവരണം}. വയലാറിന്റെ ഗാനങ്ങൾ{ഗാനസമാഹാരം}.1975 ഒക്ടോബർ 27-ന് അദ്ദേഹം ലോകത്തിനോട് വിടപറഞ്ഞു.

BY,
ASHIN.R.S
9.D

# മനുഷ്യത്വം അൽപ്പമെങ്കിലും

ചോമൻ തന്റെ രണ്ടുമക്കളെയും കൊണ്ട് എല്ലാദിവസവും അകലെയുള്ള തോട്ടിൽ കുളിക്കാൻ പോകാറുണ്ട്. അമ്മയില്ലാത്ത കുട്ടികളാണ്. അതുകൊണ്ട് ചോമൻ തന്നെയാണ് എല്ലാകാര്യവും നോക്കിയിരുന്നത്.

തോടിന്റെ മുകൾ വശങ്ങളിൽ മേൽജാതിക്കാർ കുളിക്കാറുണ്ട്. ആ ഭാഗത്തേയ്ക്ക് ചോമനെ പോലുള്ളവർക്ക് പ്രവേശനമില്ല. കുളിക്കാനെത്തിയാൽ പിന്നെ കാളനും നീലനും വെള്ളത്തിൽ വച്ച് തുള്ളലും, പിടിച്ചുമുക്കലും നടത്താറുണ്ട്. അതൊക്കെ കണ്ട് ചോമൻ ആനന്ദിക്കും. പെട്ടന്ന് അവരുടെ അമ്മയുടെ കാര്യം ഓർമയിലെത്തും. അങ്ങനെ ഒരുന്നാൾ കുളിക്കാൻ തോട്ടിലിറങ്ങയപ്പോൾ പതിവിലും കൂടുതൽ വെള്ളമുണ്ടായിരുന്നു. തലേദിവസം പെയ്ത കനത്തമഴയിൽ ചുവന്നപ്പോലെ വെള്ളം ആർത്തുലച്ച് വരുന്നുണ്ടായിരുന്നു.

പെട്ടന്ന് അവർ ഒഴുക്കിൽപ്പെട്ടു. ചോമൻ കരയിൽനിന്ന് നിലവിളികേട്ടു. എന്തോ അപകടം പറ്റിയിട്ടുണ്ട്. താളി പറിക്കാൻ പോയ ചോമൻ കരയിലേക്ക് ഓടിവന്നു. മുകളിൽ കുളിച്ചുകൊണ്ടിരുന്ന മേൽജാതിക്കാർ ഓടിവന്നു. അതിൽപ്പെട്ട ഒരു യുവാവ് കുട്ടികളെ പിടിക്കാനായി തോട്ടിലേക്ക് ചാടാൻ തുടങ്ങി. അപ്പോൾ പിന്നിൽ നിന്ന് മറ്റുള്ളവർ പറഞ്ഞു " ധിക്കാരി... നീ എന്താ ചെയ്യുന്നത്... പുലയ ചെക്കനെ പിടിക്കാനോ.. ഞാൻ നിന്റെ വീട്ടിൽ പറഞ്ഞുകൊടുക്കും..” ഇതും പറഞ്ഞുകൊണ്ട് യുവാവിനെ പേടിപ്പിച്ചു. ധർമ്മസങ്കടത്തിലായ അയാൾക്ക് ചോമന്റെ നിലവിളി ഹൃദയത്തെ വേദനിപ്പിച്ചു. ഉയർന്നും, പൊങ്ങിയും ഒഴുകുന്ന കുട്ടികളെ നോക്കി നിൽക്കുകയാണ് മറ്റുള്ളവർ .

ഒടുവിൽ നീലന്റെ അവസാനജീവൻ പോകുന്നവരെ എല്ലാവരും നോക്കിനിന്നു!!! ആരുടേയും അനുവാദത്തിനു കാത്തുനിൽക്കാതെ ആ യുവാവ് തോട്ടിലേക്ക് എടുത്തുചാടി നീലന്റെ ശവവും കൊണ്ടാണ് ആ യുവാവ് കരയ്ക്കു കയറി വന്നത്...

ഇതിവൃത്തം:- ജാതിവ്യവസ്ഥ നിലനിന്നിരുന്ന കാലമാണ്. മേൽജാതിക്കാർക്ക് മുന്നിൽ മരണമായാലും സഹിക്കുവാനെ അന്നത്തെ കാലത്ത് നടപ്പുള്ളൂ. അതാണ് ഈ കഥയിൽ നിന്നു നമ്മുക്ക് മനസ്സിലാവുന്നത്...

BY,
AYSHA NAFNA .A.Z
9.A

# പ്രസംഗം

വിഷയം: എന്റെ  മനസ്സിലെ മികച്ച അധ്യാപകൻ

മാന്യസദസ്സിന് വന്ദനം,

"മാതാ, പിതാ, ഗുരു, ദൈവം" അതായത് അമ്മയും അച്ഛനും അധ്യാപകനുമെല്ലാം ദൈവത്തിനു തുല്യമാണ്. ഒരേ ത്രാസ്സിൽ തട്ടിക്കളിക്കുന്നവരാണ് ഇവരെല്ലാം. അമ്മ നൊന്ത് പ്രസവിച്ച് പാലൂട്ടി വളർത്തും, അച്ഛൻ നമ്മുക്ക് വേണ്ടതെല്ലാം വാങ്ങിത്തരും, ഗുരുവാകട്ടെ 51 അക്ഷരവും പഠിപ്പിച്ച് നമ്മെ വലിയൊരാളാക്കും. കൂടാതെ ഓരോ പ്രവർത്തനങ്ങൾ ചെയ്യാനും ഗുരു നമ്മെ പഠിപ്പിക്കും. അറിവും ശീലവും ഉറയ്ക്കുന്ന കാലമാണ് കുട്ടിക്കാലം. ഇക്കാലത്ത് കുട്ടികളെ ഏറ്റവും അധികം സ്വാധീനിക്കുന്നത് അധ്യാപകരാണ്. സ്നേഹത്തിന്റെ വെളിച്ചം പകർന്ന് കുറേകുട്ടികളെ നന്മയുടെ പാതയിലേക്ക് നയിക്കുന്നവരാണ് അധ്യാപകർ. കഥകളും കവിതകളും ചൊല്ലിതന്ന് ഏതൊരു വിദ്യാർത്ഥിയുടെയും മനസ്സിൽ അധ്യാപകർ ഇടംനേടും. ഞാൻ പഠിക്കുന്ന വിദ്യാലയത്തിലെ എല്ലാ അധ്യാപകരും എന്റെ മനസ്സിൽ ഇടം നേടിയിട്ടുണ്ട്. ഒരു പ്രത്യേക സ്ഥാനം നേടിയ 2 അധ്യാപകരാണ് പ്രീത ടീച്ചറും പത്മജ ടീച്ചറും. ആ രണ്ട് അധ്യാപകരേയും ഞാൻ ഒരു കാലത്തും മറക്കില്ല. എന്റെ 4-ാം ക്ലാസ്സ് അധ്യാപികയായിരുന്നു പത്മജ ടീച്ചർ. എല്ലാ കുട്ടികളേയേയും തുല്ല്യരായി കാണും. ടീച്ചറുടെ ക്ലാസ്സിൽ സംശയമേ ഉണ്ടാവില്ല. പ്രീത ടീച്ചർ എന്റെ മലയാളം അധ്യാപികയാണ്. ഇതേ ഗുണങ്ങളൊക്കെയാണ് ടീച്ചർക്കും. ടീച്ചർ പറയുന്ന കഥകൾ കേൾക്കാൻ എന്തുരസമാണെന്നോ... ഈ ടീച്ചർമാർ

കുട്ടികളെ കഥകളിലും കവിതകളിലും പ്രോത്സാഹിപ്പിക്കും. വിദ്യാധനം സർവ്വധനാൽ പ്രധാനം.. ഗുരു ദൈവതുല്ല്യൻ...

നന്ദി...

നമസ്കാരം..

BY,
BHAGATH KRISHNA.P.R
9.D

# പ്രഭാഷണം:-

വിഷയം:-മദ്യം

മാന്യ സദസ്സിന് വന്ദനം,

ഇന്ന് കേരളത്തെ പിടികൂടിയിരിക്കുന്ന ഒരു വിപത്താണ് മദ്യം. മദ്യം കാരണം ചിലകുടുംബങ്ങൾ മണ്ണടിഞ്ഞിരിക്കുന്നു.ചില ജീവനുകൾ മരണത്തിന്റെ വക്കിൽ നിൽക്കുന്നു.ചീത്ത കൂട്ടുകെട്ടുകൊണ്ടാണ് ഇങ്ങനെയുള്ള ദുശ്ശീലങ്ങൾ ഉണ്ടാകുന്നത്.മദ്യപാനം സമൂഹത്തെ കാർന്നുതിന്നുന്നു.ഇതുകാരണം കാൻസർ പോലെയുള്ള രോഗങ്ങൾ ഉണ്ടാകുന്നു.മദ്യം കുടിച്ച് പ്രശ്നങ്ങൾ ഉണ്ടാക്കുന്ന ആളെ കുടുംബവും സമൂഹവും വെറുക്കുന്നു.മദ്യപാനി സമൂഹത്തിലെയും കുടുംബത്തിലെയും കടമകൾ മറക്കുന്നു. മദ്യപാനികൾ സമൂഹത്തിൽ അക്രമം കൊണ്ടുവരുന്നു.അയാളുടെ കുടുബജീവിതത്തിനെയും അഭിമാനത്തെയും തൊഴിലിനെയും മദ്യപാനം പ്രതികൂലമായി ബാധിക്കുന്നു.അവനെയും കുടുംബത്തിനെയും ആളുകൾ വെറുക്കുന്നു.മദ്യപാനികൾ അധികം വൈകാതെ മയക്കുമരുന്നിന് കീഴടങ്ങുന്നു.മദ്യം എന്ന വിപത്തിനെ നമ്മൾ ഒഴിവാക്കണം.അവരുടെ പ്രതീക്ഷകൾ മദ്യം കാരണം നശിക്കുന്നു.മദ്യ വിമുക്ത കേരളം എന്ന പ്രഖ്യാപനത്തോടെ ഞാൻ എന്റെ വാക്കുകൾ ഉപസംഹരിക്കുന്നു.

നന്ദി

നമസ്കാരം

BY,

DARSANA.P.D, 9.E

# പ്രഭാഷണം

മാന്യ സദസിന് വന്ദനം,

ഇന്നത്തെ സമൂഹത്തിൽ അധികരിച്ചു വരുന്ന ഒരു സാമൂഹ്യ പ്രശ്നമാണ് മദ്യപാനം.കൊച്ചുകുട്ടികൾ മുതൽ മുതിർന്നവർ വരെ മദ്യമെന്ന വിപത്തിൽ അടിമയായിക്കൊണ്ടിരിക്കുന്ന അവസ്ഥയാണ്, ഇന്ന് നമ്മുടെ ഈ കൊച്ചുകേരളത്തിൽ ഏതൊരാഘോഷത്തിലും ദുഃഖത്തിലും ഒഴിച്ചു കൂടാനാവാത്ത ഒരു അവിഭാജ്യഘടകമായി മാറിയിരിക്കുന്നു മദ്യം.ഇതിന്റെ ദോഷവശങ്ങൾ അറിഞ്ഞു കൊണ്ടുതന്നെയാണ് മനുഷ്യർ ഇത് ഉപയോഗിക്കുന്നത് എന്നതിൽ സംശയമില്ല. കാൻസറിൽ അടിമയാകുന്നവരിൽ ഭൂരിഭാഗവും മദ്യം,മയക്കുമരുന്ന്,പുകയില തുടങ്ങിയവയുടെ അടിമകളാണ്.ഒരു വട്ടം ഉപയോഗിച്ചാൽ തന്നെ പിന്നെയും പിന്നെയും ഉപയോഗിക്കാൻ തോന്നും എന്നുള്ളതാണ് ഇതിന്റെ പ്രത്യേകത.

സ്വന്തം ശരീരത്തിനു മാത്രമല്ല സമൂഹത്തിനു തന്നെ ഒരു വെല്ലുവിളിയാണ് മദ്യം.കുടുംബ ബന്ധങ്ങൾക്കും കരുണ, ദയ, അനുകമ്പ തുടങ്ങിയ മാനുഷിക മൂല്യങ്ങളെ തകർത്തെറിയുന്ന വിഷാംശം അതിലുണ്ടെന്ന കാര്യത്തിൽ സംശയമില്ല.മരണത്തിലേക്കുള്ള ഏറ്റവും എളുപ്പമുള്ളവഴിയായി മദ്യത്തെ ബന്ധിപ്പിക്കാം.ഇന്ന് വാഹനാപകടങ്ങൾ ദിനം പ്രതി വർദ്ധിച്ച് കൊണ്ടിരിക്കുകയാണ്. നൂറിൽ 50% മദ്യംപോലെയുള്ള വസ്തുക്കൾ ഉപയോഗിച്ച് വണ്ടിയോടിക്കുന്നതു കൊണ്ടാണ് ഇങ്ങനെ സംഭവിക്കുന്നത്.കേവലം ഒരു മദ്യ ഉപയോഗ മൂലം പൊലിഞ്ഞ് പോകുന്നത് ദിനം തോറും ഓരോ ജീവനുകളാണ്.താൽകാലികമായ ഒരു നിമിഷത്തിനുവേണ്ടിയുള്ള

മതിഭ്രമം പിന്നീട് അവനിൽ ഉണ്ടാകുന്നത് അവന്റെ ജീവിത ബലി അർപ്പണമാണ് എന്ന് പറയാം, മദ്യം മരണത്തിന് സമമാണ്.

അവയാവയങ്ങളിൽ ആൽക്കഹോൾ,നിക്കോട്ടിൻ എന്നീരാസവസ്തുക്കൾ ചെല്ലാതെ തന്നെ സ്വാധീനം വളരെ വലുതാണ്. വിഷം ബാധിച്ച കരളിന് ഒരു നിമിഷം മതി താളംതെറ്റാൻ എന്ന്, ഉപയോഗിക്കുന്നവർ മനസ്സിലാക്കുന്നില്ല. ഉന്മാദത്തിന്റെയും, ആഹ്ലാദത്തിന്റെയും,പണക്കൊഴിപ്പിന്റെയും ഇടയിൽ അതിഥിയാകുന്ന മദ്യം അവന് താൽകാലിക സുഖമേകുമ്പോൾ സ്വയം മറക്കുകയാണ് മനുഷ്യനവിടെ, പിന്നീട് അവൻ കാണിച്ചു കൂട്ടുന്ന കോമാളിത്തരവും കേവലം അധഃപതിച്ച സംസ്കാരവും കേരള സംസ്കാരത്തേയും അതിന്റെ തനിമയേയും വെല്ലുവിളിക്കുന്ന തരത്തിലുള്ളതാണ്.
ശാന്തിയ്ക്കും സമാധാനത്തിനും വേണ്ടി നാം ഈ മദ്യം എന്ന വിഷം നമ്മുടെ ജീവിതത്തിൽ നിന്ന് ഒഴിവാക്കിയാൽ നമ്മുടെ കുടുംബവും നമ്മുടെ ശരീരവും ജീവനും എന്നും നമുക്ക് തണലായും ശക്തിയായും ഉണ്ടാകും. നമ്മുടെ മഹത്വമുള്ള കേരളത്തിലെ ഒരാളും മദ്യം മയക്കുമരുന്ന് എന്നീ വിഷങ്ങളുടെ ഇടയിൽ ജീവിതം പാഴാക്കില്ല എന്നുള്ള വിശ്വാസത്തോടെ ഞാനെന്റെ വാക്കുകൾ ഉപസംഹരിക്കുന്നു.

നന്ദി

നമസ്കാരം

BY,
DEVIKA.K.S
9.A

# പദ്യത്തെ ഗദ്യത്തിലാക്കുക

ഞാറ്റു വേലയിൽ കുളിച്ച് ഈറനുമുടുത്ത് എന്റെ നാട്ടിലേക്കിറങ്ങിയ പുഷ്പ കന്യകമാരേ.മത്തയിലും പടവല വള്ളിയിലും കുമ്പളത്തിലും നിങ്ങൾ തപസുചെയ്യുമ്പോൾ തുടിക്കുന്നത് എന്റെ മനസ്സാണ്. ഇടവ മാസത്തിൽ പൊത്തിൽ നിന്നിറങ്ങിയ വലിയ വെള്ളപ്പൊക്കവും വെമ്പാല പാമ്പിനെപ്പോലെ ചുറ്റിയും എന്റെ നാട്ടിലെ ആളുകൾ മരിക്കാറായനേരം എല്ല് പൊന്തിയ ചെറ്റക്കുടിലിൽ ചെളിയിൽ കിടന്നു കൊണ്ട് കർഷകർ ദാരിദ്ര്യവും പട്ടിണിയും കൊണ്ട് കഷ്ടപ്പെട്ടുമ്പോൾ നാളത്തെ സമൃദ്ധിയുടെ സ്വർഗ്ഗീയ വാഗ്ദാനങ്ങൾ  ന്ശബ്ദമായി ഉദ്ഘോഷിച്ച് നിങ്ങൾ വന്നു. മത്തയേയും പടവലത്തേയും കുമ്പളത്തേയും കാണുമ്പോൾ മുല്ല വള്ളിപ്പൂവിന്റേയും മന്ദാരത്തിന്റെയും ഒളിമങ്ങുന്നു.സന്താനങ്ങളില്ലാത്ത ദുഃഖം അനുഭവിച്ച് കൊണ്ടിരിയ്ക്കുന്ന മണ്ണിനത്തിന് അപ്പോൾ ഒരു ഉണ്ണിപിറക്കാൻ പോകുന്നു.വള്ളിയിൽ തുങ്ങിക്കിടക്കുന്ന പുഷ്പങ്ങളെ നിങ്ങളുടെ സുഖപ്രസവത്തിനെ ശ്രുശ്രൂഷിയ്ക്കാൻ ചിങ്ങപ്പൊൻനിലാ ഉറക്കമൊഴിച്ച് അവിടെ കാവൽ നിന്നു. അപ്പോൾ എന്റെ മനസ്സിലെ കവി സകൽപ്പം ഒരു നിമിഷം പ്രതീക്ഷയായി മാറി...

BY,
DEVIKA.M.S
9.E

# ഡയറിക്കുറിപ്പ്

23-6-2014
തിങ്കൾ

ഇന്ന് ഞാൻ ആകാശത്തിൽഒരു വിടവ് എന്ന കഥയിലെ അയിനിമരം മുറിക്കുന്ന ദൃശ്യം വായിച്ചപ്പോൾ എന്റെ അനുഭവത്തിലെ ഒരു കാര്യാണ് ഓർമ്മവന്നത്. ഞാൻ നാലാം ക്ലാസ്സിൽ പഠിക്കുന്ന സമയത്ത്, നല്ല കാറ്റും മഴയും ഉള്ള ദിവസം. വലിയ ഒരു ശബ്ദം കേട്ടാണ് ഞാൻ ഉണർന്നത്. നോക്കുമ്പാൾ എന്റെ മുറ്റത്തു നിന്നിരുന്ന വലിയ പുളിമരം കടപുഴകി വീണിരിക്കുന്നു. എല്ലാവരും അതിന്റെ ചുറ്റും കൂടി നിൽക്കുന്നു. ഞാനും അങ്ങോട്ടു ഓടിച്ചെന്നു. പുളിയുടെ കൊമ്പിൽ ഉണ്ടായിരുന്ന ഒരു കാക്കക്കൂട് നിലത്തു വീണു കിടക്കുന്നു. രണ്ട് കാക്ക കുഞ്ഞുങ്ങൾ ദൂരെ നിലത്തുവീണു കിടക്കുന്നു, ആ കൂട്ടിൽ നിന്നും വീണതാകാം. രണ്ടു മൂന്നു തവളകൾ ശബ്ദമുണ്ടാക്കി ചാടി പോവുന്നത് കണ്ടു. മാറാലയും അതിൽ കുരുങ്ങി കിടക്കുന്ന എട്ടുക്കാലിക്കും ഒരു പ്രത്യേക ഭംഗി തോന്നി. എവിടെ നിന്നോ ഒരു അണ്ണാൻകുഞ്ഞ് ചിലയ്ക്കുന്നു. ഈ ഉളിമരത്തെ ആശ്രയിച്ച് എത്ര ജീവജാലങ്ങളാണ് ജീവിക്കുന്നത്. ഞാൻ ആശ്ചര്യപ്പെട്ടുപ്പോയി എന്തൊരു ഭംഗി.................

BY,
DRISYA.P.L
9.E

# ഡയറി

20/6/2014
വെള്ളി

ഇന്ന് എനിക്ക് സന്തോഷമുണ്ട് അതിലുപരി ദുഃഖവുമുണ്ട്.ഞാൻ ഇന്ന് ബദരിയിലേക്ക് പോകാൻ വഴി ചോദിക്കാനായി ഒരു വീട്ടിൽ കയറി.അവിടുത്തെ ആളുകൾ എന്നോട് നല്ല മര്യാദയോടെയാണ് പെരുമാറിയത്.ഞാൻ ദില്ലിയിൽ നിന്നാണ് വരുന്നത് എന്ന് അറിഞ്ഞപ്പോൾ അവർ എന്നെ സ്വീകരിച്ച് ചായ തന്നു.അത് എനിക്ക് വളരെ സന്തോഷമായി.എന്തിനാണ് എന്നെ സൽക്കരിച്ചത് എന്ന് ചോദിച്ചപ്പോൾ അവർ പറഞ്ഞു,എന്റെ മോന് ദില്ലിയിലാണ് ജോലി.ഒരു വർഷമായി മോൻ അങ്ങോട്ട് പോയിട്ട്.ആദ്യം ഒരു കത്തയച്ചു പിന്നെ ഒരു വിവരവുമില്ല എന്ന് അദ്ദേഹം പറഞ്ഞു.അത് കേട്ടപ്പോൾ എനിക്ക് സങ്കടമായി.പക്ഷേ അവിടെ ഒരു കുട്ടിയുണ്ടായിരുന്നു. അവളുടെ പേര് സിംല എന്നായിരുന്നു.ചേട്ടനെ ഇത്രയധികം സ്നേഹിക്കുന്ന ഒരു കുട്ടിയെ ഞാൻ ഇന്നേ വരെ കണ്ടിട്ടില്ല.ആ കുട്ടി എന്റെ കയ്യിൽ ഒരു പൊതി തന്നു.കുറേ വെള്ളാരം കല്ലുകളുള്ള പൊതിയായിരുന്നു അത്.ഞാൻ അതു വാങ്ങി തിരിച്ച് പോയി. അത് തരുമ്പോൾ കുട്ടിക്ക് വളരെ സന്തോഷമായിരുന്നു. പക്ഷെ എനിക്ക് ദുഃഖവും, ആളുകൾ തിങ്ങിപാർക്കുന്ന ആ മഹാനഗരത്തിൽ ഞാൻ എങ്ങനെ നിന്റെ ചേട്ടനെ കണ്ടുപിടിക്കും എന്ന ദുഃഖവും ഉണ്ടായിരുന്നു.എന്തായാലും ഇന്ന് എനിക്ക് ഉറങ്ങാൻ പറ്റില്ല.ഇന്ന് എനിക്ക് ഒരു പോലെ സന്തോഷവും

ദുഃഖവും ഉള്ള ദിവസമാണ്.ഡയറി എഴുതി കഴിഞ്ഞിപ്പോൾ ഞാൻ ഉറങ്ങാൻ കിടന്നു.

BY,
GOPIKA.M.G
9.A

# ഡയറിക്കുറിപ്പ്

24-7-2014
തിങ്കൾ

ഞാൻ ഇന്ന് രാവിലെ 6 മണിക്ക് എഴുന്നേറ്റു. ഇന്ന് ഞാനും എന്റെ കുടുംബവും മുത്തശ്ശന്റെ വീട്ടിലേക്ക് പോവുകയാണ്. ഞാൻ വേഗം പല്ലുതേച്ച് കുളിച്ച് റെഡിയായി . കുറേ ദൂരമുണ്ട് മുത്തശ്ശന്റെ വീട്ടിലേക്ക്. ഞങ്ങൾ 9 മണിക്ക് പോകാൻ ഇറങ്ങി. കാറിലാണ് യാത്ര. പോകും വഴി കുറേ നദികളും, കാടുകളും കുന്നുകളും എല്ലാം കണ്ടു. പിന്നെ കുറേ പക്ഷികളെയും കണ്ടു. ഒരു ഭംഗിയുള്ള പീലിനിവർത്തുന്ന മയിലിനെയും കണ്ടു. അങ്ങനെ ഞങ്ങൾ മുത്തശ്ശന്റെ വീട്ടിലെത്തി. മുത്തശ്ശൻ അപ്പുറത്ത് രവിയേട്ടന്റെ വീട്ടിലായിരുന്നു.

ഞാൻ വേഗം അങ്ങോട്ടോടി. അവിടെ മരങ്ങൾ നട്ടു പിടിപ്പിക്കുകയായിരുന്നു രവിയേട്ടൻ. ഞാനും അവരെ സഹായിച്ചു. ഉച്ച്യ്ക്ക് മുത്തശ്ശി നല്ലൊരു സദ്യ ഒരുക്കിയിരുന്നു. അങ്ങനെ കളിച്ചും പഠിച്ചും രാത്രിയായി. രാത്രി മുത്തശ്ശി എനിക്കൊരു ഉണ്ണിക്കുട്ടന്റെ കഥ പറഞ്ഞുതന്നു. ഞാൻ ആ കഥ കേട്ട് പതുക്കെ ഉറങ്ങുകയും ചെയ്തു.

BY,
GOUTHAM KIRAN.P.V
9.D

# ജീൻ ക്രിസ്റ്റഫർ

ഗാനങ്ങളുടെ സമാഹാരമായ ശൈശവത്തിന്റെ ആനന്ദം എന്ന പുരസ്കാരം ജീൻ ക്രിസ്റ്റഫിന്റെ ആദ്യത്തെ പുരസ്കാരമാണ്.വളരെ ദുരിതങ്ങൾ അനുഭവിച്ച് വളർന്ന കുട്ടിയാണ് ജീൻ ക്രിസ്റ്റഫ്. ചെറുപ്പത്തിൽ തന്നെ  അച്ഛന്റെ സ്നേഹം കിട്ടാതെ വളർന്ന കുട്ടിയാണ് ജീൻ ക്രിസ്റ്റഫ്.ഇത്രയും സങ്കടങ്ങൾ ഈ കുട്ടിയെ വേട്ടയാടുമ്പോൾ ഞാനായിരുന്നു ആ കുട്ടിക്ക് ഏക ആശ്വാസം.സ്വന്തം ജീവിതത്തിൽ തന്നെ ഇത്രയും ദുരിതങ്ങൾ അനുഭവിച്ചു വളർന്നതുകൊണ്ടാണ് ശൈശവത്തിന്റെ ആനന്ദം എന്ന് ഈ പുസ്തകത്തിന് പേര് കൊടുത്തത്.അതു കൊണ്ട് തന്നെ ഈ പുസ്തകം എല്ലാവർക്കും ഇഷ്ടപ്പെടുമെന്ന് ഞാൻ നിങ്ങൾക്ക് വാക്കു തരുന്നു. അദ്ദേഹത്തിന് ഇനിയും ഇങ്ങനെയുള്ള പുസ്തകങ്ങൾ രചിക്കാൻ കഴിയട്ടെ എന്ന് ആത്മാർത്ഥമായി ആശംസിച്ചുകൊണ്ട്,

ജീൻ മൈക്കൽ

BY,
KAILAS.C.S
9.A

# ഒ.എൻ.വി കുറുപ്പ്

1931 മെയ് 27-ന് കൊടുങ്ങല്ലൂർ, ചവറയിൽ ജനിച്ചു. ഒ.എൻ.വി വേലുക്കുറുപ്പ് എന്നാണ് പൂർണ്ണ നാമം. കവി, സിനിമാ-നാടകരചയിതാവ്,കേരള കലാമണ്ഡലം ചെയർമാൻ എന്നീ മേഘലയിൽ പ്രവർത്തിച്ചിട്ടുണ്ട്.അദ്ദേഹത്തിന്റ കവിതകൾ ഈണമുള്ള കവിതകൾ, ഈണമില്ലാത്ത ഗദ്യകവിതകൾ എന്നിങ്ങനെയാണ്. ജ്ഞാനപീഠം, കേന്ദ്ര-കേരള സാഹിത്യ അവാർഡുകൾ,സോവിയറ്റ് ലാന്റ് നെഹ്റു അവാർഡ്,ഓടക്കുഴൽ അവാർഡ്,ആശാൻ പ്രൈസ്, ഉള്ളൂർ അവാർഡ്,വയലാർ അവാർഡ്,എഴുത്തച്ഛൻ പുരസ്കാരം.ചലച്ചിത്ര ഗാന രചയിതാവിനുള്ള കേന്ദ്ര സംസ്ഥാന അവാർഡുകൾ എന്നിവ ലഭിച്ചിട്ടുണ്ട്.ഒ.എൻ.വി മഹാകവി അല്ലെങ്കിലും മലയാളത്തിന്റെ ഓമന കവിയാണ്. ഇദ്ദേഹത്തിന്റെ കവിതകൾക്ക് ഒരുപാട് അവാർഡുകളും പുരസ്കാരങ്ങളും ലഭിച്ചിട്ടുണ്ട്. അദ്ദേഹത്തിന്റെ കൃതികൾ:- അക്ഷരം, ഉപ്പ്,കറുത്ത പക്ഷിയുടെ പാട്ട്, അഗ്നിശലഭങ്ങൾ,ഒരു തുള്ളി വെളിച്ചം, മയിൽ പീലി,ഞാൻ നിന്നെ സ്നേഹിക്കുന്നു, കടിഞ്ഞൂൽ കനികൾ, മാറ്റുവിൻ ചട്ടങ്ങളെ, ദാഹിക്കുന്നപാനപാത്രം, നീലകണ്ണുകൾ, മരുഭൂമി, താമര പൊയ്ക,ഭൂമിക്കൊരു ചരമഗീതം,മൃഗയ വളപ്പൊട്ടുകൾ, വെറുതെ തോന്ന്യാക്ഷരങ്ങൾ,എന്നിവയാണ് അവ. ഒരു പ്രബന്ധം എഴുതിയിട്ടുണ്ട്, അതാണ് എഴുത്തച്ഛൻ. ഇത്രയും കാര്യങ്ങൾ മലയാളത്തിനായി സമർപ്പിച്ച ഒരു മഹാകവി തന്നെയാണ് ഒ. ൻ. വി. കുറുപ്പ്.

BY,
LAYA.K.C
9.D

# തിരുതാളി

ശാസ്ത്രനാമം- ഐപ്പോമിയ ഒബ്സ്ക്യൂറ
സസ്യകുടുംബം-കൺവോൾവുലേസീ

വള്ളികളായി പടർന്നു വളരുന്ന സസ്യമാണ് തിരുതാളി. ഹൃദയാകൃതിയിലുള്ള ഇലകൾ കാണപ്പെടുന്നു. ഇലകൾക്ക് ഹൃദ്യമായ സുഗന്ധമുണ്ട്. വെളുത്തതോ ഇളംപിങ്ക് നിറത്തിലുള്ളതോ ആയ പൂക്കൾ ഉണ്ടാകുന്നു. പൂക്കളുടെ ഉൾ ഭാഗത്ത് ഇരുണ്ടവയലറ്റ് നിറം കാണപ്പെടുന്നു. ഫലത്തിനകത്ത് വിത്തുകൾ കാണപ്പെടുന്നു. ദശപുഷ്പങ്ങളിൽ ഉൾപ്പെടുന്ന സസ്യമാണ് തിരുതാളി. വർഷത്തിൽ എല്ലാസമയത്തും പൂക്കളുണ്ടകുന്നു.



BY,
MANYA.U.M
9.A

# കൂവ

ശാസ്ത്രനാമം-മരാന്റ അരുണ്ടിനേയിയ

സസ്യകുടുംബം-മരാന്റേസി

നീണ്ട ഇലകളോടുകൂടിയ സസ്യമാണ്. ഇലകൾ പോളകളിൽ നിന്നും ഉണ്ടാകുന്നു. ഭൂകാണ്ഡത്തിൽ നിന്നാണ് ഇലകളും പൂക്കളും ഉണ്ടാകുന്നത്. ചെറിയ പൂക്കൾക്ക് വെളുത്ത നിറമാണ്. ഭൂകാണ്ഡത്തിൽ നിന്നും നിർമിക്കുന്ന പൊടി ആഹാരമായി ഉപയോഗിക്കുന്നു. ഭൂകാണ്ഡമാണ് കൂടുതൽ ഔഷധയോഗ്യമായ ഭാഗം.



BY,
MEGHANA.V.U
9.E

# ഉഴിഞ്ഞ

ശാസ്ത്രനാമം- കാർഡിയോസ്പെർമം ഹെലിക്കാകാബം
സസ്യകുടുംബം- സാപ്പിന്റേസീ

പടർന്നു വളരുന്ന ഒരു വള്ളിസസ്യമാണ് ഉഴിഞ്ഞ. വള്ളികൾക്ക് നല്ല ബലമുണ്ട്. തണ്ടുകൾ നാലുഭാഗത്തേക്കും കോണാകൃതിയിൽ കാണപ്പെടുന്നു. ഇലകൾ വിഭജിച്ചരീതിയിൽ മനോഹരമായി കാണപ്പെടുന്നു. ചെറിയ പൂക്കൾക്ക് വെളുത്ത നിറമാണ്. ഇതിൽ ഫലങ്ങളുണ്ടാകുന്നു. ഫലങ്ങൾക്ക് ത്രികോണാകൃതിയാണ്. ഫലത്തിനകത്ത് ഉരുണ്ട പച്ച നിറത്തിലുള്ള വിത്തുകൾ കാണപ്പെടുന്നു. ദശപുഷ്പത്തിലുൾപ്പെടുന്ന സസ്യമാണ് ഉഴിഞ്ഞ.



BY,
MUHAMMED FAYIS.P.U
9.D

# ഉപവസന്തം

വർണ്ണന;-

നമ്മുക്ക് ഇഷ്ടപ്പെട്ട പല ഋതുക്കളുണ്ട്. അതിലെ ഒരെണ്ണമാണ് വർഷകാലം. വർഷകാലത്തിന്റെ അവകാശികളായ ഇടവവും തുലാവർഷവും എത്തിയാൽ പിന്നെ കുട്ടികളുടെ സന്തോഷവും ആരംഭിക്കുന്നു. മഴ പെയ്ത് മേലെ ആകാശത്തിൽ നിന്ന് ചിന്നിചിതറുന്ന മഴത്തുള്ളികൾ താഴേക്ക് വീഴുമ്പോൾ ആ തുള്ളി പലതുള്ളി ആവുന്നു. വീട്ടിലെ ഉമ്മറത്തു നിന്ന് വീടിന്റെ മേൽക്കൂരയിൽ നിന്നു വീഴുന്ന വെള്ളത്തെ തട്ടി തെറിപ്പിക്കും അത് കാണുമ്പോൾ കുട്ടികൾ കൈകൊട്ടി ചിരിക്കും. മഴപെയ്യുന്നതിനു മുൻപ് ആകാശത്തിലെ മേഘങ്ങൾ ഇരുണ്ടുകൂടുന്നു. അതു കാണാൻ ഒരു പ്രത്യേക ഭംഗി തന്നെയല്ലേ? ഇനി നമ്മുക്ക് മഴയുടെ ആരംഭം കുറിക്കാൻ അടുത്ത വർഷം കടന്നെത്തണം. മഴക്കാലം അവസാനിച്ചാൽ പിന്നെ അടുത്ത ഋതുവിന്റെ ആരംഭം കുറിക്കുന്നു. മഴ പെയ്ത് തോർന്നാൽ തുമ്പികൾ പറന്ന് ആകാശത്തേക്ക് ഉയരുന്നു. ഇരുണ്ട ആകാശം മാറി വെളിച്ചമുള്ള ആകാശം ആയിമാറുകയും ചെയ്യുന്നു. അപ്പോൾ ആകാശത്തിൽ തുമ്പികളെ കാണുമ്പോൾ ഒരു പ്രത്യേക മനോഹരത്തെ മാടിവിളിക്കുകയാണ് ചെയ്യുന്നത് എന്ന് നമ്മുക്ക് തോന്നാം. ഇനി അടുത്ത ഋതുവിന് വേണ്ടി സന്തോഷത്തോടെയും ആനന്ദത്തോടെയും നമ്മുക്ക് കാത്തിരിക്കാം.

BY,
MUHAMMED NASIM.A.U
9.D

# എന്റെ ആശുപത്രി അനുഭവം

ഒന്നാം ക്ലാസ്സിൽ പഠിക്കുന്ന ആ പിഞ്ചുബാലികക്ക് അതായത് എനിക്ക് താങ്ങാവുന്നതിലും അപ്പുറത്തായിരുന്നു ആ സംഭവം. എന്റെ കുഞ്ഞുമനസ്സിന് ഉൾക്കൊള്ളാൻ കഴിയില്ലായിരുന്നു അത്. അന്ന് ഒരു വേനലവധി ദിവസമായിരുന്നു. കളിക്കാനുള്ള ആവേശത്തിൽ നേരത്തെ എഴുന്നേറ്റു ഞാൻ. രാവിലെ അമ്പലത്തിൽ പോയി തൊഴുത് വീട്ടിലേക്കു മടങ്ങുകയായിരുന്നു. എന്റെകൂടെ അമ്മയും അച്ഛനും ചേച്ചിയും അനിയനുമുണ്ടായിരുന്നു. കളിച്ചുചിരിച്ചു നടക്കുന്ന ഞങ്ങളുടെ ഇടയിലൂടെ ഒരു മൂന്നു ചക്ര വാഹനം പാഞ്ഞുവന്നു. എന്റെ അനിയനെ വളരെയധികെ നോവിച്ചുകൊണ്ടായിരുന്നു ആ വാഹനം കടന്നുപോയത്. അവന്റെ നിലവിളികൾ എന്റെ ചെവികളിലൂടെ തുളച്ചുകയറി. അവന്റെ തലയിൽനിന്നും രക്തം ഒഴുകുന്നത് ഞാൻ അമ്പരപ്പോടെ കണ്ടു. പിന്നെ ഒന്നും ആലോചിക്കാതെ ഞങ്ങൾ അവനെ ആശുപത്രിയിലേക്ക് കൊണ്ടുപ്പോയി.അവിടെ കുറേ രോഗികലും അവരുടെ ബന്ധുക്കളും ഇരിക്കുന്നുണ്ട്. അകത്ത് ഡോക്ടർ ഒരു വലിയ പണക്കാരന്റെ ചെറിയ രോഗത്തെ വളരെ ശ്രദ്ധയോടുകൂടി നോക്കുന്നുണ്ട്. പുറത്തിരിക്കുന്ന വലിയ രോഗികളിൽ ഒരാളെ ഡോക്ടർ വിളിച്ചു. അയാൾക്ക് വളരെ വേദന അനുഭവപ്പെടുന്നുണ്ടായിരുന്നു. ഡോക്ടർ അത് കാര്യമായി എടുത്തതേയില്ല. അയാൾ ആ പാവപ്പെട്ട രോഗിയോട് 5000 രൂപ ചോദിച്ചു. രോഗി തന്റെ കൈയ്യിലുള്ള 2000 രൂപ കൊടുത്തിട്ട് ഇത്രയെ എന്റെ കൈയ്യിലുള്ളൂ എന്ന് പറഞ്ഞു. ഡോക്ടർ അത് വാങ്ങി രോഗിയെ പരിശോധിച്ചു. ഞാൻ ഒരു IPS ഓഫീസറായാൽ ഇങ്ങനെയുള്ളവർക്ക് വേണ്ട ശിക്ഷക്കൊടുക്കും. ഇങ്ങനെയുള്ളവരെ ഞാൻ ഒരിക്കലും വെറുതെവിടില്ല, എന്ന് ഞാൻ ദൃഢനിശ്ചയം എടുത്തു. എന്റെ അനിയന്റെ തലയിൽ നിന്നും അപ്പോഴും രക്തം ഒലിക്കുന്നുണ്ടായിരുന്നു.  വേറൊരു ഡോക്ടർ ഞങ്ങളെ വിളിച്ചു. എന്റെ

അനിയനെ പരിശോധിച്ച ശേഷം അവന് സാരമായ പരിക്കുണ്ടെന്ന് പറഞ്ഞു. അതുകേട്ടപ്പോൾ എന്റെ ഹൃദയമിടിപ്പിന്റെ വേഗത കൂടി. പിന്നെ അവന് ഓപ്പറേഷൻ വേണമെന്നും പറഞ്ഞു. വേഗം തന്നെ അവനെ ഓപ്പറേഷൻ തീയറ്ററിലേക്ക് കൊണ്ടുപ്പോയി. പിന്നെയുള്ള ഓരോ നിമിഷങ്ങളും ഭയപ്പെട്ടിട്ടായിരുന്നു കഴിച്ചുകൂട്ടിയിരുന്നത്. കുറച്ചു കഴിഞ്ഞപ്പോൾ ഡോക്ടർസന്തോഷത്തോടെ ഞങ്ങളോട് ശസ്ത്രക്രിയവിജയകരമായി പൂർത്തിയായി എന്ന് പറഞ്ഞു. അപ്പോഴാണ് ഞങ്ങളുടെ ശ്വാസം നേരെ വീണത്. രാത്രിയിൽ അവനുറങ്ങാൻ വളരെ ബുദ്ധിമുട്ടി. അവൻ ഉറങ്ങികഴിഞ്ഞപ്പോൾ ഞങ്ങൾക്ക് ഉറങ്ങാൻ കഴിഞ്ഞില്ല. കണ്ണടച്ചുകിടന്നാൽ ചോര നിറഞ്ഞൊഴുകുന്ന അവന്റെ മുഖം മാത്രം. രാവിലെ ഡോക്ടർ വന്ന് രണ്ടുദിവസം കഴിഞ്ഞ് നിങ്ങൾക്കു വീട്ടിലേക്ക് പോകാമെന്ന് പറഞ്ഞു.  രണ്ടുദിവസം കഴിഞ്ഞ് ഞങ്ങൾ വീട്ടിലേക്ക് മടങ്ങി. വണ്ടിയിലിരിക്കുമ്പോഴെല്ലാം എനിക്ക് ഓർമവന്നത് ആ ക്രൂരനായ ഡോക്ടറെയാണ്. എനിക്ക് ഒരിക്കലും അയാളോട് ക്ഷമിക്കാൻ സാധിക്കുമായിരുന്നില്ല.എന്റെ അനിയന് ഒരു അപകടമുണ്ടായെന്ന് എനിക്ക് അപ്പോഴേ ഇപ്പോഴും വിശ്വസിക്കാൻ സാധിക്കുന്നില്ല. ഈ അനുഭവം ഞാൻ ഒരിക്കലും മറക്കുകയും ഇല്ല.

BY,
MUHAMMED SHAHIL.P.S
9.E

# ആതുരസേവനത്തിന്റെ സന്നദ്ധഭടൻ

കഥാരചന;-

## ദൈവകൃപ

പ്രകാശം മായുന്നു. രാത്രികൾ പടരുന്നു. തന്റെ കൊച്ചുമക്കൾ വന്ന സന്തോഷത്തോടെ ഇരിക്കുന്ന മുത്തച്ഛന് മനസ്സിൽ കുളിരുകോരി. അവരോടൊപ്പം ഈ ജീവിതകാലം മുഴുവൻ ചെലവഴിക്കാൻ തോന്നും. മുത്തശ്ശി അടുക്കളയിൽ നിന്നും വിളിച്ചു പറഞ്ഞു "ഭക്ഷണം എടുത്തുവെച്ചിട്ടുണ്ട് കഴിക്കാൻ വരൂ" എന്ന്. ഇന്നെന്തായിരിക്കും മുത്തശ്ശിയുടെ പ്രത്യേക ഭക്ഷണം? ആകാംഷയോടെ കൊച്ചുമക്കൾ മേശയുടെ അരികിലേക്ക് ഓടി. “ഓടല്ലേ ഓടല്ലേ വീഴും" അവരുടെ അമ്മ പറഞ്ഞു. അവർ മേശക്കരികിൽ എത്തി. എല്ലാവരും ഇരുന്നു. സന്തോഷത്തോടെ കഴിക്കുന്ന മുഖത്തേക്ക് നോക്കി മുത്തശ്ശൻ പറഞ്ഞു: എങ്ങനെയുണ്ട് പ്രത്യേക ഭക്ഷണം? “ കലക്കി.... മുത്തശ്ശി കലക്കി...” കൊച്ചുമക്കൾ പറഞ്ഞു. മുത്തശ്ശൻ ഭക്ഷണം കഴിച്ച് കൈകഴുകി കിടക്കപ്പായയിലേക്കു പോന്നു, കിടന്നു. നെഞ്ചിലൊരു വേദന, നല്ല വേദന. എന്താ അച്ഛാ മകൻ ചോദിച്ചു. ഞാൻ ഡോക്ടറെ വിളിക്കാം. ഡോക്ടറെ വിളിച്ചപ്പോൾ ആശുപത്രിയിലേക്കു വരാൻ ആവശ്യപ്പെട്ടു. വേഗം കാറ് എടുത്ത് എല്ലാവരും കൂടി അങ്ങോട്ടു പാഞ്ഞു. പരിശോധന കഴിഞ്ഞപ്പോൾ ഡോക്ടർ പറഞ്ഞു. ചെറിയ ശസ്ത്രക്രിയ വേണ്ടിവരും അപ്പോൾതന്നെ അവരുടെ നെഞ്ചൊന്നു പിടഞ്ഞു. രോഗമെന്തെന്ന് അറിയിച്ചില്ല. മരുന്നുകൾക്കായുള്ളപണം അടയ്ക്കാൻ ആവശ്യപ്പെട്ടു. അത് നിറവേറ്റി. ശസ്ത്രക്രിയയ്ക്കു ശേഷം ഡോക്ടർ പറഞ്ഞു:ശസ്ത്രക്രിയ കഴിഞ്ഞു റെസ്റ്റ് വേണ്ടിവരും..എന്ന്. എന്തിനാ ഓപ്പറേഷൻ കഴിച്ചത്. കാൻസറിന്റെ തുടക്കമാണ്. അത് വേഗം

നശിപ്പിച്ചു. ഇനി പ്രശ്നമില്ല. അപ്പോൾ മുത്തശ്ശനെ കാണാൻ കാണാൻ കഴിയോ? കാണാം. പോയി കണ്ടു. സന്തോഷമായി.
ദൈവകൃപകൊണ്ടാണ് ജീവൻ തിരിച്ചു കിട്ടിയത്. സന്തോഷമായി...

BY,
SHAHANAS.P.A
9.E

# ജീവ ചരിത്രക്കുറിപ്പ്

## അയ്യപ്പപ്പണിക്കർ

1930 സെപ്റ്റംബർ 12-ന് ആലപ്പുഴ ജില്ലയിലെ കോവാലത്ത് അയ്യപ്പപ്പണിക്കർ ജനിച്ചു.ബഹു ഭാഷാ പണ്ഡിതൻ ,സാഹിത്യനിരൂപകൻ,അധ്യാപകൻ എന്നീ നിലകളിൽ ശ്രദ്ധേയനാണ്.അയ്യപ്പപ്പണിക്കരുടെ കവിതകൾ,അയ്യപ്പപ്പണിക്കരുടെ ലേഖനങ്ങൾ എന്നിവയാണ് അദ്ദേഹത്തിന്റെ കൃതികൾ.അദ്ദേഹ-ത്തിന്റെ കവിത ആധുനിക കവിതകളുടെ ഈണമുള്ള കവിതകളും ഈണമില്ലാത്ത കവിതകളും ഗദ്യകവിതകൾ എന്നിങ്ങനെയാണ്. കേരള സർവ്വകലാശാലയിലെ ഇംഗ്ലീഷ് വിഭാഗ തലവനാണ് അദ്ദേഹം.അദ്ദേഹത്തിന് നിരവധി പുരസ്കാരങ്ങൾ ലഭിച്ചിട്ടുണ്ട്.കേരള സാഹിത്യ അക്കാദമി അവാർഡ്,കേന്ദ്ര സാഹിത്യ അക്കാദമി അവാർഡ്,പത്മശ്രീ,കബീർ പുരസ്കാരം,സരസ്വ സമ്മാൻ,സഞ്ചയൻ എന്നിങ്ങനെ..

BY,
VARSHA.M.P
9.A

# തെത് സുകൊ കുറിയോനഗി

1933 ഓഗസ്സ്റ്റ് 9-ന് ജനിച്ച ജപ്പാൻ നഗരമായ ടോക്കിയോയിലെ നാഗസാക്കിയിൽ ജനിച്ച ടോ ട്ടോചാൻ എന്ന ആത്മകഥ അവരെ പ്രശസ്തിയുടെ നെറുകയിലെത്തിച്ച ലോകവ്യാപകമായി വിദ്യാഭ്യാസ വിപ്ലവത്തിനു വഴി തെളിച്ച ഗ്രന്ഥമാണത് ഒരു ടെലിവിഷൻ അവതാരകയെന്നതിലുപരിയായി 'യുനസ് കോ'യുടെ' ഗുഡ് വിൽ അംബാസഡർ എന്ന പദവി കൂടി വഹിക്കുന്നുണ്ട്.


BY,
VISHNU.V.S
9.E

# കുഞ്ഞുണ്ണിമാഷ്

1927 തൃശ്ശൂർ ജില്ലയിലെ വലപ്പാട്ട് ജനിച്ച ദീർഘകാലം അധ്യാപകനായി സേവമനുഷ്ഠിച്ച ഭാഷയുടെ മർമ്മം അറിഞ്ഞു കുഞ്ഞുവരികൾ കൊണ്ട് വലിയ ആശയങ്ങൾ കവിതച്ചെപ്പിലൊതുക്കുന്ന കവി പഴഞ്ചൊല്ലുകൾ കടങ്കഥകൾ, നമ്പൂതിരിഫലിതങ്ങൾ എന്നിവ ശേഖരിച്ച് പ്രസിദ്ധീകരിക്കുകയുണ്ടായി ചിത്രകലയിലും പ്രാവീണ്യം ഉണ്ടായിരുന്നു കേരള സാഹിത്യ അക്കാദമി പുരസ്കാരം ജന്മാഷ്ടമി പുരസ്കാരം മുതലായ ബഹുമതികൾ ലഭിച്ചിട്ടുണ്ട് കുഞ്ഞുണ്ണി ക്കവിതകൾ [കവിതാലമാഹാരം]വിത്തും കൈക്കോട്ടും അക്ഷരതെറ്റ് പതിനഞ്ചും പതിനഞ്ചും നാടൻ കുട്ടിക്കവിതകൾ [ബാലസാഹിത്യം] തെരെഞ്ഞടുത്ത പഴഞ്ചൊല്ലുകൾ തെരഞ്ഞടുത്ത കടങ്കഥൾ,നമ്പൂതിരി ഫലിതങ്ങൾ [ശേഖരങ്ങൾ] കുറ്റിപ്പെൻസിൽ[കഥാസമാഹാരം] , 2006-ൽ അദ്ദേഹം ലോകത്തോട് വിടപറഞ്ഞു.

BY,
VISWA .V. V
9.A

# ***DIGITAL PAINTING***



BY,
ASHIN.R.S
9.D

~~~~~~~~~~~
~~~~~~~~~~~